# ആധുനികലോകത്തിന്റെ ഉദയം


1

## ഇന്ത്യാസമുദ്രലോകം


പ്രാചീനകാലത്തും മധ്യകാലത്തും വാണിജ്യവും സാംസ്കാരിക വിനിമയവും നടന്നിരുന്നത് ഇന്ത്യാസമുദ്രം കേന്ദ്രീകരിച്ചായിരുന്നു. ചൈനയിൽനിന്ന് മധ്യേഷ്യവഴി പടിഞ്ഞാറോട്ടുപോയിരുന്ന 'പട്ടുതുണിപ്പാത'യും (Silk Route) തെക്കുകിഴക്കനേഷ്യയിൽനിന്നു തുടങ്ങി കടൽവഴി പടിഞ്ഞാറോട്ടുപോയ സമുദ്രപഥവും ആയിരുന്നു ഈ വാണിജ്യമാർഗ്ഗങ്ങൾ.

ഗ്രെക്കോ-റോമൻ സംസ്കാരങ്ങളുടെ കാലത്തും ഫ്യൂഡൽ കാലഘട്ടത്തിലും മദ്ധ്യധരണ്യാഴി (Mediterranean sea) പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ പൗരസ്ത്യ ഉത്പന്നങ്ങൾ എത്തിച്ചിരുന്നത് ഈ രണ്ട് മാർഗ്ഗങ്ങളിലൂടെയായിരുന്നു.

ഇസ്ലാം മതത്തിന്റെ വ്യാപനത്തിനുശേഷം ഇന്ത്യാസമുദ്രവാണിജ്യം ജൂതരും അറബികളും തുർക്കികളും നിയന്ത്രിച്ചു. ചെങ്കടൽവഴിയും പേർഷ്യൻ ഉൾക്കടൽവഴിയുമുള്ള വ്യാപാരത്തിന്റെ നിയന്ത്രണമായിരുന്നു ഇവർക്കുണ്ടായിരുന്നത്. മദ്ധ്യധരണ്യാഴിയെ കരിങ്കടലുമായി ബന്ധിപ്പിക്കുന്ന തുറമുഖ




ഭൂപടം 1 - വാണിജ്യപഥങ്ങൾ



ഭൂപടം 1-ൽ നിന്ന് പ്രധാനപ്പെട്ട വാണിജ്യപഥങ്ങളെയും അവ ബന്ധിപ്പിച്ചിരുന്ന രാജ്യങ്ങളെയും കണ്ടെത്തി പട്ടികപ്പെടുത്തുക.




ഭൂപടം 2 – ഇന്ത്യാസമുദ്രലോകം

നഗരമായ കോൺസ്റ്റാന്റിനോപ്പിൾ (ഇപ്പോഴത്തെ ഇസ്താംബൂൾ) വഴിയുള്ള മധ്യേഷ്യൻ വ്യാപാരത്തിന്റെ നിയന്ത്രണം അപ്പോഴും ഗ്രീക്ക്-റോമാ കച്ചവടക്കാരുടെ കയ്യിലായിരുന്നു. റോമാസാമ്രാജ്യം തകർന്നതിനുശേഷം യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥിതി നിലവിൽ വന്നപ്പോഴും കോൺസ്റ്റാന്റിനോപ്പിൾ തലസ്ഥാനമാക്കി ബൈസന്റൈൻ സാമ്രാജ്യം നിലനിൽക്കുന്നുണ്ടായിരുന്നു.

ഫ്യൂഡൽ കാലഘട്ടത്തിൽ യൂറോപ്പിൽ വിജ്ഞാനതൃഷ്ണയുടേയും യുക്തിചിന്തയുടേയും മേൽ കത്തോലിക്കാസഭ കർശനനിയന്ത്രണമേർപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാലത്ത് പൗരസ്ത്യദേശത്തെ ഇസ്ലാമികരാഷ്ട്രങ്ങളിലും ഇന്ത്യയിലും ചൈനയിലും സാഹിത്യം, ഭൗതികശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം തുടങ്ങിയ വിജ്ഞാനമേഖലകളിൽ ഗണ്യമായ പുരോഗതിയുണ്ടായി. വെടിമരുന്ന്, കടലാസ് മുതലായ വസ്തുക്കളും വടക്കുനോക്കിയന്ത്രം പോലുള്ള സാങ്കേതികവിദ്യയും ബീജഗണിതം പോലുള്ള വൈജ്ഞാനികവിഷയങ്ങളും അറബിക്കച്ചവടക്കാർ യൂറോപ്പിലെത്തിച്ചു. കുരിശുയുദ്ധകാലത്ത് ഈ സാംസ്കാരികബന്ധം കൂടുതൽ ശക്തിപ്പെട്ടു.

### ബൈസന്റൈൻ സാമ്രാജ്യം

*മദ്ധ്യധരണ്യാഴിയും കരിങ്കടലും തമ്മിൽ സന്ധിക്കുന്ന ബോസ്ഫോറസ് (Bosphorus) കടലിടുക്കിലെ തന്ത്രപ്രധാനമായ സ്ഥാനത്ത് ഗ്രീക്കുകാർ സ്ഥാപിച്ച ഒരു ചെറുനഗരമായിരുന്നു ബൈസാന്റിയം (Byzantium). പ്രാചീനകാലത്ത് ഗ്രീക്ക്-പേർഷ്യൻ സംസ്കാരങ്ങളുടെ സംഗമസ്ഥാനമായിരുന്നു ഇവിടം. പിൽക്കാലത്ത് ഈ നഗരവും കിഴക്കുഭാഗത്തെ ഏഷ്യാമൈനറും റോമാസാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ മധ്യേഷ്യവഴി നടന്നിരുന്ന വ്യാപാരത്തിന്റെ കേന്ദ്രമായിരുന്നു ഈ പട്ടണം. ഇതിന്റെ വാണിജ്യപ്രാധാന്യം കണക്കിലെടുത്ത് ക്രിസ്തുവർഷം നാലാം നൂറ്റാണ്ടിൽ റോമാ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ഈ നഗരത്തെ തന്റെ സാമ്രാജ്യത്തിന്റെ രണ്ടാം തലസ്ഥാനമാക്കി. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി നഗരത്തിന്റെ പേര് കോൺസ്റ്റാന്റിനോപ്പിൾ എന്നാക്കി മാറ്റി. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ റോമാസാമ്രാജ്യം വിഭജിക്കപ്പെട്ടപ്പോൾ കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിൾ ആയി. ഈ സാമ്രാജ്യം ബൈസന്റൈൻ എന്ന പേരിലും അറിയപ്പെട്ടു.*



ഭൂപടം 2 ശ്രദ്ധിക്കൂ. കോൺസ്റ്റാന്റിനോപ്പിളിന്റെ സ്ഥാനം അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതെങ്ങനെ? ചർച്ച ചെയ്യൂ.

## മദ്ധ്യധരണ്യാഴി ലോകത്തിലേക്ക്

മദ്ധ്യധരണ്യാഴിയിലേക്ക് ഉന്തിനിൽക്കുന്ന മൂന്ന് ഉപദ്വീപുകളിൽ മദ്ധ്യത്തിലുള്ളതാണ് ഇറ്റാലിയൻ ഉപദ്വീപ്. വടക്ക് ആൽപ്സ് പർവ്വതവും അതിന് തൊട്ടുതെക്ക് വിശാലവും ഫലഭൂയിഷ്ടവുമായ ലൊംബാർഡി സമതലവും ഇറ്റലിയെ മറ്റ് ഉപഭൂഖണ്ഡങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ഇറ്റലിയിലെ ഒരു പ്രധാനനഗരമായ റോം ആസ്ഥാനമായി ഒരു സാമ്രാജ്യം വളർന്നുവന്നതും പ്രാചീനകാലത്തെ സമ്പത്തിന്റേയും സംസ്കാരത്തിന്റേയും കേന്ദ്രമായി അത് വികസിച്ചതും മുൻക്ലാസിൽ നിങ്ങൾ മനസ്സിലാക്കിയതാണല്ലോ. ഈ സാമ്രാജ്യം തകരുകയും തൽസ്ഥാനത്ത് നിരവധി ഫ്യൂഡൽ നാടുവാഴികൾ അധികാരമേൽക്കുകയും ചെയ്തു. ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ഇറ്റാലിയൻ ഉപദ്വീപിൽ നിരവധി കച്ചവടനഗരങ്ങൾ ഉയർന്നുവന്നു.

അറബികളിൽനിന്ന് പൗരസ്ത്യദേശത്തെ ഉത്പന്നങ്ങൾ വാങ്ങി പശ്ചിമയൂറോപ്പിലെ ഭൂപ്രഭുക്കന്മാർക്കും നാടുവാഴികൾക്കും അവ കൈമാറ്റം ചെയ്ത കച്ചവടക്കാരായിരുന്നു ഈ നഗരങ്ങളിൽ വസിച്ചിരുന്നത്. കച്ചവടത്തിനുപുറമേ പണമിടപാടും ഇക്കൂട്ടർ നടത്തിയിരുന്നു. അങ്ങനെ അതിവേഗം ഇറ്റാലിയൻ നഗരങ്ങളിൽ ഒരു വ്യാപാരിവർഗ്ഗം വളർന്നുവന്നു. നിരവധി ചെറുദ്വീപുകളാൽ ചുറ്റപ്പെട്ട ഇറ്റാലിയൻ ഉപദ്വീപ് സമുദ്രയാത്രയ്ക്ക് അനുയോജ്യമായിരുന്നു. ഇവിടത്തെ ഓരോ നഗരത്തിലും നിരവധി വ്യാപാരികുടുംബങ്ങൾ പാർത്തുപോന്നു. കച്ചവടതാത്പര്യം മുൻനിർത്തി പല കുടുംബങ്ങളും കൂടിചേർന്ന് വലിയകുടുംബങ്ങളായി. ഇവ കൂടിയാലോചിച്ചാണ് നഗരങ്ങളിൽ ഭരണം നടത്തിയത്. പരമ്പരാഗതമായ ദായക്രമം വഴി ഭരണം നടത്തിയിരുന്ന യൂറോപ്പിലെ ഇതരരാജ്യങ്ങളിലെ നാടുവാഴി ഭരണത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു ഇത്. അങ്ങനെ മദ്ധ്യകാല രാജവാഴ്ചയിൽ നിന്ന് വ്യത്യസ്തമായ ഒരു ഭരണരീതി ഇറ്റാലിയൻ നഗരങ്ങളിൽ രൂപപ്പെട്ടു.

## ഇറ്റാലിയൻ നഗരങ്ങൾ

വെനീസ്, മിലാൻ, പിസ, ഫ്ളോറൻസ്, ജനോവ, ബൊളോണ, നേപ്പിൾസ് തുടങ്ങിയ കച്ചവടനഗരങ്ങളാണ് മദ്ധ്യധരണ്യാഴി വ്യാപാരത്തെ ആശ്രയിച്ച് വളർന്നുവന്നത്. മിലാനിലെ വിസ്കോന്തി, ഫ്ളോറൻസിലെ മെദീചി തുടങ്ങിയ സമ്പന്ന

ഇറ്റാലിയൻ നഗരങ്ങൾ






ഇറ്റാലിയൻ നഗരങ്ങളുടെ വളർച്ച, ഭരണക്രമം എന്നിവ ഫ്യൂഡൽ രീതിയിൽ നിന്ന് വ്യത്യാസപ്പെടാൻ കാരണമെന്ത്? ചർച്ച ചെയ്യു.

കുടുംബങ്ങൾ നഗരവാഴ്ച നടത്തി. അയ്യായിരം മുതൽ ഒരു ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളായിരുന്നു അന്നുണ്ടായിരുന്നത്. നൂറ് മുതൽ ആയിരം വരെ ധനിക കുടുംബങ്ങൾ ഈ നഗരങ്ങളുടെ കച്ചവടവും ഭരണവും നിയന്ത്രിച്ചു. കോൺസ്റ്റാന്റിനോപ്പിൾ വഴിയുള്ള കരവാണിജ്യവും ഉത്തരാഫ്രിക്കയും പശ്ചിമേഷ്യയും നിയന്ത്രിച്ചിരുന്ന സമുദ്ര വാണിജ്യവും ഇറ്റാലിയൻ കച്ചവടക്കാരെ മധ്യധരണ്യാഴിയുടെ അധിപന്മാരാക്കി. അറ്റ്ലാന്റിക് സമുദ്രത്തിലേക്കുള്ള കവാടമായ ജിബ്രാൾട്ടറും ഇവരാണ് നിയന്ത്രിച്ചിരുന്നത്. അങ്ങനെ അതുവരെ ഇന്ത്യാസമുദ്രലോകം കേന്ദ്രമായി നിലനിന്നിരുന്ന വാണിജ്യ-സാംസ്കാരിക വിനിമയം ക്രമേണ മധ്യധരണ്യാഴിലോകം കയ്യടക്കി. ആധുനികയുഗത്തിന്റെ വെള്ളിനക്ഷത്രം പടിഞ്ഞാറുദിക്കാൻ ഇത് ഇടയാക്കി.

ഇറ്റാലിയൻ നഗരങ്ങളിലെ സമ്പന്നകുടുംബങ്ങൾ ആർഭാടപൂർവമായ ജീവിതം നയിച്ചു. രമ്യഹർമ്യങ്ങൾ പണിതു. അതിനാവശ്യമായ ശില്പികളേയും കലാകാരന്മാരേയും ലോകത്തിന്റെ പലഭാഗത്തുനിന്നും വരുത്തി ഈ നഗരങ്ങളിൽ താമസിപ്പിച്ചു. വിദൂരദേശങ്ങളിൽനിന്നുപോലും ശില്പികളും കലാകാരന്മാരും സാഹിത്യകാരന്മാരും ഇറ്റാലിയൻ നഗരങ്ങളിലെത്തി. ക്ഷയോന്മുഖമായ ബൈസന്റൈൻ സാമ്രാജ്യത്തിൽ നിന്നുള്ളവരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. പാശ്ചാത്യലോകത്തും പൗരസ്ത്യലോകത്തും അന്നേവരെ ഉണ്ടായിട്ടുള്ള വിജ്ഞാനത്തിന്റേയും കലയുടേയും ശാസ്ത്രത്തിന്റേയും വക്താക്കൾ അങ്ങനെ ഈ നഗരങ്ങളിൽ എത്തിപ്പെട്ടു. ഇത് വൈജ്ഞാനികരംഗത്ത് പുതിയ ഉണർവുണ്ടാക്കി.



ഇറ്റാലിയൻ നഗരങ്ങൾ പാശ്ചാത്യപൗരസ്ത്യ വിജ്ഞാനങ്ങളുടെ സംഗമഭൂമിയായി മാറിയതെങ്ങനെ?

## നവോത്ഥാനം (Renaissance)

'റിനെസ്സാൻസ്' എന്ന പദത്തിനർഥം 'പുനർജന്മം' 'നവോന്മേഷം' എന്നൊക്കെയാണ്. എന്നാൽ അതിലും കവിഞ്ഞ ഒരർത്ഥം ഈ പദത്തിനുണ്ട്. പതിന്നാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ ഇറ്റാലിയൻ നഗരങ്ങളിലും തുടർന്ന് ഇതരയൂറോപ്യൻ രാജ്യങ്ങളിലുമുണ്ടായ കലാവൈജ്ഞാനികരംഗങ്ങളിലെ പുത്തൻ ഉണർവിനെയാണ് നവോത്ഥാനം കുറിക്കുന്നത്. ഫ്യൂഡൽ പ്രഭുക്കന്മാരും കത്തോലിക്കാസഭയും വിലക്കേർപ്പെടുത്തിയിരുന്ന പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരങ്ങളുടെ പുനർജന്മമാണത്. കത്തോലിക്കാസഭ അടിച്ചേല്പിച്ച യുക്തിരഹിതമായ വിശ്വാസത്തെ നിരാകരിക്കാനുള്ള അന്വേഷണത്വരയുടേയും വിമർശനബുദ്ധിയുടേയും ഫലം. ഇത് പെട്ടെന്ന് ഒരു ദിവസം കൊണ്ടുണ്ടായതല്ല.

ഇറ്റാലിയൻ നഗരങ്ങളിലെ സമ്പന്നകുടുംബങ്ങൾ തങ്ങളുടെ ആഢ്യത്വത്തിന്റെ വേരുകൾ അന്വേഷിച്ചു ഭൂതകാലത്തിലേക്ക് പോയി. പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരകാലത്തിലേക്ക് തങ്ങളുടെ പൈതൃകത്തിന്റെ വേരുകൾ നീളുന്നുണ്ടോ എന്ന അന്വേഷണമായിരുന്നു അത്. ഇതിന്റെ ഫലമായി നിരവധി കയ്യെഴുത്തു പ്രതികൾ കണ്ടെത്താനായി. ഇവർ നിയോഗിച്ച പണ്ഡിതന്മാർക്ക് ചരിത്രത്തിൽ മുമ്പില്ലാത്തവണ്ണം താത്പര്യം ജനിച്ചു. ഈ കയ്യെഴുത്തുപ്രതികൾ വായിച്ചു മനസ്സിലാക്കുന്നതിന് പ്രാചീന ഗ്രീക്ക്-ലത്തീൻ ഭാഷകൾ പഠിക്കേണ്ടതായി വന്നു. മധ്യകാലഘട്ടത്തിൽ നിലനിന്നിരുന്ന ലത്തീൻ ഭാഷയിൽനിന്നു വ്യത്യസ്തമായിരുന്നു പ്രാചീന ലത്തീൻ. ഇത് ഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കാരണമായി. പ്രാചീനകാലത്ത് നിലനിന്നിരുന്ന ഗ്രീക്ക്-ലത്തീൻ ഭാഷകൾ അക്കാലത്ത് പ്രയോഗത്തിലില്ലായിരുന്നു. അതിനാൽ അന്നു വളർന്നുവരാൻ തുടങ്ങിയിരുന്ന പ്രാദേശികഭാഷയായ ഇറ്റാലിയനിലേക്ക് പ്രാചീനകൃതികൾ തർജ്ജമ ചെയ്യപ്പെട്ടു. പുതിയ കൃതികൾ ഉണ്ടായി. അങ്ങനെ നാട്ടുഭാഷയായ ഇറ്റാലിയൻ വളരെ വേഗത്തിൽ വളർന്നു.

മധ്യകാലജീവിതത്തിൽ നിന്ന് ആധുനികകാലജീവിതത്തെ വേർതിരിക്കുന്ന ചില പ്രതിഭാസങ്ങൾ നവോത്ഥാനകാലത്ത് രൂപപ്പെട്ടു വന്നു. എന്തൊക്കെയാണവ?

- അന്വേഷണകൗതുകം
- വിമർശനബുദ്ധി
- യുക്തിചിന്ത
- പ്രാദേശികഭാഷകളുടെ വളർച്ച
- മാനവികത (Humanism) മനുഷ്യനാണ് എല്ലാത്തിന്റെയും മാനദണ്ഡം എന്ന സങ്കല്പം



ഉത്പാദനവ്യവസ്ഥയിൽ വന്ന മാറ്റം ഏതെല്ലാം തരത്തിലാണ് നവോത്ഥാനകാലത്തെ മനുഷ്യ ജീവിതത്തിൽ പ്രതിഫലിച്ചത്?


## നവോത്ഥാനം ഇറ്റലിയിൽ

ഇറ്റാലിയൻ നവോത്ഥാനത്തിന്റെ തുടക്കം പതിന്നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പെട്രാർക്കിന്റെ (1304-1374) സാഹിത്യസംഭാവനയോടുകൂടിയാണെന്ന് പറയാം. പ്രാചീന ഗ്രീക്ക് സാഹിത്യകാരന്മാരുടെ ശൈലിയിൽ മനുഷ്യസ്നേഹസംബന്ധിയായ നിരവധി ഗീതകങ്ങൾ അദ്ദേഹം രചിച്ചു. സ്വർഗസ്ഥനായ ദൈവത്തിന്റേയും പുണ്യാളന്മാരുടേയും മാലാഖമാരുടേയും അപദാനങ്ങളെ വാഴ്ത്തുന്ന മദ്ധ്യകാലസാഹിത്യശൈലിയിൽ നിന്ന് വ്യത്യസ്തമായി വെറും മനുഷ്യരുടെ വിചാരവികാരങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരുന്നു പെട്രാർക്കിന്റെ ഗീതകങ്ങൾ. ഫ്യൂഡൽ പ്രഭുക്കന്മാരുടെ അസാന്മാർഗിക ജീവിതത്തെ നിശിതമായി പരിഹസിക്കുന്നതാണ് ബൊക്കാച്ചിയോ (1313-1371) യുടെ 'ദക്കാമറൺ.' നൂറു കഥകളുടെ സമാഹാരമായ ഈ കൃതിയിൽ അറബിക്കഥകളുടെ (Arabian



പെട്രാർക്ക്



ദാന്തെ


Nights) സ്വാധീനം കാണാം. മതവുമായി ബന്ധപ്പെട്ട ചില വിശ്വാസങ്ങളെ ഇക്കാലത്ത് പുറത്തിറങ്ങിയ 'ഡിവൈൻ കോമഡി'പോലുള്ള കൃതികൾ വിമർശന വിധേയമാക്കിയിട്ടുണ്ട്. പ്രാചീന റോമൻ കവിയായ വെർജിലിനെകൂട്ടി കവിയായ ദാന്തെ അകാലത്തിൽ പൊലിഞ്ഞുപോയ തന്റെ പ്രണയിനിയെത്തേടി സ്വർഗനരകങ്ങൾ സന്ദർശിക്കുന്നതാണ് ഈ കൃതിയുടെ ഇതിവൃത്തം. ഈ കൃതികളിലെല്ലാം നിറഞ്ഞുനിൽക്കുന്നത് നവോത്ഥാനമൂല്യങ്ങളായ വിമർശനബുദ്ധിയും മാനവികതയുമാണ്.

## നവോത്ഥാനകല

വാസ്തുതന്ത്രം, ശില്പവിദ്യ, ചിത്രമെഴുത്ത് എന്നീ രംഗങ്ങളിലും ഇറ്റാലിയൻ കലാകാരന്മാർ ഒരു നൂതനശൈലിക്ക് തുടക്കം കുറിച്ചു. ലിയനാർഡോ ഡാവിഞ്ചി, മൈക്കേൽ ആഞ്ചലോ, ടിഷ്യാൻ, ഡൊണാറ്റലോ, ബ്രൂണലസ്കി തുടങ്ങിയ നിരവധി പേർ തങ്ങളുടെ സൃഷ്ടികൾ വഴി നവോത്ഥാനകലയെ സമ്പന്നമാക്കി. അവ്യാഖ്യേയമായ പുഞ്ചിരിപൊഴിക്കുന്ന സുന്ദരിയെ അവതരിപ്പിക്കുന്ന 'മൊണാലിസ' എന്ന ഒറ്റ ചിത്രത്തിലൂടെതന്നെ അനശ്വരനായിത്തീർന്നു ലിയനാർഡോ ഡാവിഞ്ചി. മാലാഖമാരുടെ ചിത്രങ്ങൾ വിരസമായി അവതരിപ്പിക്കുന്ന മദ്ധ്യകാലശൈലിയിൽനിന്ന് ഭിന്നമായി ഒരു മനുഷ്യസ്ത്രീയുടെ ഭാവദീപ്തമായ മുഖമാണ് 'മോണാലിസ'യിൽ ദർശിക്കാൻ കഴിയുക. ശാന്തഗംഭീരനായിരിക്കുന്ന യേശുവിനേയും സംശയദൃഷ്ടിയോടെ പരസ്പരം വീക്ഷിക്കുന്ന പന്ത്രണ്ടു ശിഷ്യന്മാരേയും അവതരിപ്പിക്കുന്ന 'അവസാനത്തെ

അത്താഴ'ത്തിലും (Last Supper), മകന്റെ വേർപാടുണ്ടാക്കിയ ദുഃഖം മുഴുവൻ മുഖത്തു പ്രതിഫലിപ്പിക്കുന്ന 'കന്യാമറിയ' (Virgin Mary) ത്തിലും ഡാവിഞ്ചിയുടെ മാനവികത പ്രകടമാണ്. കലാകാരനെന്നതിനുപുറമേ രക്തചംക്രമണത്തെക്കുറിച്ചും യന്ത്രപ്പറക്കലിനെക്കുറിച്ചും വിവരിക്കുന്ന ശാസ്ത്രജ്ഞനായിരുന്നു ഡാവിഞ്ചി എന്ന് അദ്ദേഹത്തിന്റെ കുറിപ്പുകൾ തെളിയിക്കുന്നു.


അവസാനത്തെ അത്താഴം


മൊണാലിസ

## നവോത്ഥാനം ഇതരയൂറോപ്യൻ രാജ്യങ്ങളിൽ

ഇറ്റലിയിൽ നാമ്പിട്ട നവോത്ഥാനപ്രസ്ഥാനം കച്ചവടക്കാരിലൂടെയും പണമിടപാടുകാരിലൂടെയും ഇതര യൂറോപ്യൻ രാജ്യങ്ങളിലും വ്യാപിച്ചു. സ്പാനിഷ്, ഫ്രഞ്ച്, ഇംഗ്ലീഷ്, ഡച്ച്, ജർമൻ തുടങ്ങിയ പ്രാദേശികഭാഷകൾ നവോത്ഥാന കാലഘട്ടത്തിൽ വളരാൻ തുടങ്ങി.

സ്പാനിഷ് ഭാഷയിൽ സെർവാന്തേ (Cervantes) രചിച്ച കൃതിയാണ് 'ഡോൺ കിഹോട്ടേ' (Don Quixote) യുദ്ധക്കൊതിയന്മാരായ മദ്ധ്യകാലപ്രഭുക്കന്മാരുടെ മനോവിഭ്രാന്തിയെ തന്മയത്വത്തോടെ അവതരിപ്പിക്കുന്ന കൃതിയാണിത്. പടച്ചട്ടയണിഞ്ഞ് കുതിരപ്പുറത്തുകയറി ഇടവഴികളിലൂടെ പാഞ്ഞുപോകുന്ന കിഹോട്ടേ പ്രഭു വഴിവക്കത്തു കണ്ട ചെടികളെയും മരങ്ങളെയും കാറ്റാടിയന്ത്രങ്ങളെയും മറ്റും ശത്രുഭടന്മാരാണെന്ന ഭാവത്തിൽ വാളുകൊണ്ട് അരിഞ്ഞു വീഴ്ത്തുന്ന ഭ്രമാത്മകതയെ ഈ കൃതി അവതരിപ്പിക്കുന്നു.

കത്തോലിക്കാസഭയുടെ കാലഹരണപ്പെട്ട വിശ്വാസപ്രമാണങ്ങളെ കളിയാക്കുന്നതാണ് ഡച്ചുഭാഷയിൽ ഇറാസ്മസ് രചിച്ച 'വിഡ്ഢിത്തത്തെ വാഴ്ത്തൽ' (In Praise of Folly) എന്ന കൃതി.

ഇംഗ്ലീഷ് നവോത്ഥാനസാഹിത്യത്തിന് തുടക്കം കുറിക്കുന്നത് ജെഫ്രി ചോസറുടെ 'കാന്റർബറി കഥ' (Canterbury Tales) കളോടെയാണ്. എങ്കിലും പതിനാറാം നൂറ്റാണ്ടിലാണ് ഇംഗ്ലീഷ് സാഹിത്യം തനിമ കൈവരിക്കുന്നത്. ലോകപ്രസിദ്ധനായ നാടകകൃത്ത് വില്യം ഷേക്സ്പിയറും അന്ധകവി ജോൺ മിൽട്ടണും ഈ കാലഘട്ടത്തിലെ ഇംഗ്ലീഷ് സാഹിത്യകാരന്മാരിൽ പ്രമുഖരാണ്.


വില്യം ഷേക്സ്പിയർ

## രാഷ്ട്രീയചിന്ത

നവോത്ഥാനകാലത്തെ രാഷ്ട്രീയചിന്തകരിൽ പ്രമുഖനായിരുന്നു ഇറ്റലിക്കാരനായ നിക്കോളോ മാക്ക്യവെല്ലി. അദ്ദേഹത്തിന്റെ 'രാജാവ്' (The Prince) എന്ന കൃതി ആധുനികരാഷ്ട്രീയചിന്തയ്ക്ക് തുടക്കം കുറിക്കുന്നു. അരാജകത്വം നിറഞ്ഞ ഫ്യൂഡൽ നാടുവാഴിഭരണത്തിൽ നിന്ന് വേറിട്ട് പ്രജാവത്സലനും ജനഹിതപാലകനുമായ ഒരു ഭരണാധികാരിയെയാണ് 'രാജാവി' ലൂടെ മാക്ക്യവെല്ലി അവതരിപ്പിക്കുന്നത്.

ദാരിദ്ര്യം, ദുരിതം, അക്രമം എന്നിവകളൊന്നുമില്ലാത്തതും സ്ഥിതിസമത്വവും സന്തോഷവും നിലനിൽക്കുന്നതുമായ ഒരു സാങ്കല്പികലോകത്തെ വിഭാവനം ചെയ്യുന്നതാണ് ഇംഗ്ലീഷ് മതപണ്ഡിതനായ സർ തോമസ് മൂറിന്റെ 'ഉട്ടോപ്യ' (Utopia) എന്ന കൃതി. 'ഉട്ടോപ്യ' എന്ന വാക്കിനർഥം 'എങ്ങുമില്ലാത്ത ഇടം' എന്നാണ്. പിൽക്കാലത്ത് സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് ഈ കൃതി പ്രചോദനമേകി.



നവോത്ഥാനകാലത്തെ കലയിലും സാഹിത്യത്തിലും പ്രതിഫലിച്ച മാനവികത, യുക്തിചിന്ത, വിമർശനബുദ്ധി ഇവ അക്കാലത്തെ രാഷ്ട്രീയ ചിന്തയിൽ പ്രതിഫലിച്ചോ? ചർച്ച ചെയ്യു.

## മതനവീകരണം (Reformation)

യൂറോപ്പിൽ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ മതജീവിതത്തിലും പ്രതിഫലിച്ചു. പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിലെ കത്തോലിക്കാ സഭയിലുണ്ടായ നവീകരണശ്രമങ്ങൾ മതനവീകരണം അഥവാ പ്രൊട്ടസ്റ്റന്റ് നവീകരണം എന്ന് അറിയപ്പെട്ടു. ഇതിനുമുമ്പ് തന്നെ സഭയ്ക്കുനേരെ എതിർപ്പുകൾ ഉയർന്നുവന്നിരുന്നു. ഉദാഹരണത്തിന് ഓക്സ്ഫഡിലെ ജോൺ വൈക്ലിഫ് (1324-1384), പ്രാഹയിലെ ജോൺ ഹസ്സ് (1369-1415) എന്നിവർ സഭയിൽ നിലനിന്നിരുന്ന അഴിമതിയേയും ഐഹികതയേയും ചോദ്യം ചെയ്തു. അവരെല്ലാം ശിക്ഷിക്കപ്പെട്ടു. അവരുടെ ഉദ്യമങ്ങൾക്കൊന്നുംതന്നെ കാര്യമായ ചലനങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചില്ല.



റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയം

ധർമ്മനിഷ്ഠരായ അനേകം വിശ്വാസികൾ, പ്രത്യേകിച്ച് നഗരവാസികൾ, പൗരോഹിത്യ മേഖലയിലെ അഴിമതികൾ കാരണം വൈദികവൃത്തിയിൽ പ്രവേശിക്കുവാൻ കൂട്ടാക്കാതായി. യൂറോപ്പിന്റെ പലഭാഗത്തും മതനിന്ദയിൽ ഏർപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു. വാണിജ്യത്തിലുണ്ടായ വളർച്ചയാണ് മറ്റൊരു ഘടകം. പുതുതായി വളർന്നുവന്ന വ്യാപാരിവർഗ്ഗം സഭാസ്ഥാപനങ്ങളെക്കാൾ രാജാക്കന്മാരെ പിന്താങ്ങി.

പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാസഭ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടു. സെന്റ് പീറ്റേഴ്സ് ദേവാലയത്തിന്റെ പുനർനിർമ്മാണം പോലുള്ള നിരവധി പദ്ധതികൾ വൻ സാമ്പത്തിക ബാധ്യത ഉള്ളതായിരുന്നു. ഇതു മറികടക്കാൻ കത്തോലിക്കാ സഭയിൽ മാർപ്പാപ്പ ധാരാളം പദവികൾ സൃഷ്ടിച്ച് വിറ്റു. ഏറെ അപകീർത്തികരമായ മറ്റൊരു നടപടിയായിരുന്നു 'പാപപരിഹാര വില്പന'. പാപപരിഹാരത്തിനുള്ള ഉപാധിയായി സാധാരണക്കാർക്ക് 'പാപമുക്തിപത്രം' (Indulgences) വിറ്റു സഭ പണമുണ്ടാക്കി. അധികാരദുർവിനിയോഗം വളരെയധികം വർദ്ധിച്ചു.

### മാർട്ടിൻ ലൂഥർ

റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയം പുതുക്കിപ്പണിയാനുള്ള ധനസമാഹരണത്തിനായി 'പാപമുക്തിപത്രം' വില്ക്കുന്നതിലെ അധാർമ്മികതയെ ചോദ്യം ചെയ്ത മതപണ്ഡിതനായിരുന്നു മാർട്ടിൻ ലൂഥർ. ജർമ്മനിയിലെ വിറ്റൻബർഗ് സർവ്വകലാശാലയിൽ ജൈവശാസ്ത്ര പ്രൊഫസറായിരുന്നു അദ്ദേഹം. തന്റെ വാദഗതികൾ വിശദമാക്കുന്ന '95 സിദ്ധാന്തങ്ങൾ' (Ninety -five Theses) അദ്ദേഹം തയ്യാറാക്കി. അദ്ദേഹം ഇതു വിറ്റൻബർഗ്

മാർട്ടിൻ ലൂഥർ





വിറ്റൻബർഗ് ദേവാലയത്തിന്റെ വാതിൽ

ദേവാലയത്തിന്റെ വാതിലിൽ ആണി അടിച്ചു തൂക്കി. കത്തോലിക്കാസഭയിൽ നിന്ന് പോപ്പ് മാർട്ടിൻ ലൂഥറെ പുറത്താക്കി. ഇതിനെതിരെ പ്രതിഷേധിച്ച വരാണ് പ്രൊട്ടസ്റ്റന്റുകൾ.

അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തോടുകൂടി വേദ പുസ്തകം സാധാരണക്കാരുടെ കൈകളിൽ എത്തിച്ചേർന്നു. ഇങ്ങനെ വേദപുസ്തകം നേരിട്ടു വായിക്കാനായത് സഭയിൽ നിലനിന്നിരുന്ന അഴിമതിയേയും മൂല്യച്യുതിയേയും തുറന്നു കാട്ടുന്നതിന് ജനങ്ങളെ സഹായിച്ചു. ഇതോടെ ലൂഥറുടെ ആശയങ്ങൾക്ക് ജർമ്മനിയിലും പുറത്തും വ്യാപകമായ സ്വീകാര്യത ഉണ്ടായി.

സ്വിറ്റ്സർലാന്റിൽ ഉൾറിക്ക് സ്വിംഗ്ളിയും ഫ്രാൻസിൽ ജോൺ കാൽവിനുമായിരുന്നു മതനവീകരണത്തിന് നേതൃത്വം നൽകിയത്. ജോൺ കാൽവിന്റെ അനുയായികൾ ഹ്യൂഗ്നോട്ടുകൾ എന്ന പേരിൽ അറിയപ്പെട്ടു. ഇംഗ്ലണ്ടിലെ മതനവീകരണത്തിന് രാഷ്ട്രീയസ്വഭാവം ഉണ്ടായിരുന്നു. അവിടത്തെ രാജാവ് ഹെൻറി എട്ടാമനാണ് അതിനു നേതൃത്വം നൽകിയത്. എലിസബത്ത് രാജ്ഞിയുടെ ഭരണകാലത്ത് ഇംഗ്ലണ്ടിനുമാത്രം ബാധകമായ ആംഗ്ലിക്കൻ സഭ നിലവിൽ വന്നു.



നവോത്ഥാനം മുന്നോട്ടുവച്ച ആശയങ്ങളാണ് കത്തോലിക്കാസഭയിൽ മാറ്റങ്ങൾക്ക് കാരണമായത്-ഈ അഭിപ്രായം പരിശോധിക്കുക.

## പ്രതിനവീകരണം (Counter Reformation)

പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ ഫലമായി കത്തോലിക്കാസഭയ്ക്കുള്ളിലും പരിഷ്കരണശ്രമങ്ങൾ ഉണ്ടായി. പ്രതിനവീകരണപ്രസ്ഥാനം, കത്തോലിക്കാ നവീകരണം, കത്തോലിക്കാ പുനരുദ്ധാരണം എന്നൊക്കെ ഇത് അറിയപ്പെടുന്നു. 1534-ൽ പോൾ രണ്ടാമൻ മാർപ്പാപ്പയായി സ്ഥാനമേറ്റ ശേഷമാണ് സഭയിൽ പരിഷ്ക്കരണം ആരംഭിച്ചത്. കത്തോലിക്കാസഭയ്ക്കെതിരെ ഉയർന്നുവന്ന വിമർശനങ്ങളെ പ്രതിരോധിച്ചത് 1545 മുതൽ 1563 വരെ ജർമ്മനിയിലെ ട്രെന്റിൽ നടന്ന മതമേധാവികളുടെ സമിതിയാണ്. ഇതോടെ സഭയുടെ ഭരണത്തിൽ പരിഷ്കരണങ്ങൾക്ക് തുടക്കമായി.

ഇതനുസരിച്ച് പുത്തൻചിന്തകൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളെ സഭാവിരുദ്ധവും സദാചാരവിരുദ്ധവുമെന്ന് ആരോപിച്ച് കത്തോലിക്കാസഭ നിരോധിച്ചു. ഇവയുടെ പട്ടിക ''സൂചിക'' (Index) എന്നറിയപ്പെടുന്നു. ദൈവനിന്ദയെന്ന കുറ്റം വിചാരണ ചെയ്യാൻ സഭ ''ഇൻകിസിഷൻ'' (Inquisition) എന്ന കോടതി സ്ഥാപിച്ചു. കുറ്റക്കാരെന്ന് തെളിഞ്ഞവരെ കർശനമായി ശിക്ഷിച്ചു; മിക്കവരെയും ചുട്ടുകൊന്നു.

ഇഗ്നേഷ്യസ് ലയോള (1491-1550) എന്ന സ്പാനിഷ് വിമുക്തഭടൻ സ്ഥാപിച്ച ഈശോസഭ (Society of Jesus) ആയിരുന്നു പ്രതിനവീകരണത്തിനുള്ള



ഇഗ്നേഷ്യസ് ലയോള

മറ്റൊരു ഘടകം. തീർത്തും പട്ടാളമാതൃകയിൽ ചിട്ടപ്പെടുത്തിയതായിരുന്നു ഈ സഭ. ലയോളയുടെ നേതൃത്വത്തിൽ മതപ്രചാരണത്തിനായി രൂപീകരിച്ചതാണ് ജസ്യൂട്ട് പാതിരി സംഘം (Jesuit Order).

## മതത്തിന്റെ പേരിലുള്ള യുദ്ധങ്ങൾ

മതനവീകരണം നിരന്തരയുദ്ധങ്ങൾക്ക് ഇടയാക്കി. ഇവയിലെ പ്രധാനപ്പെട്ട യുദ്ധം മുപ്പതു കൊല്ലം നീണ്ടുനിന്നു. കത്തോലിക്കനായ ഹാബ്സ്ബർഗ് രാജാവും ജർമ്മനിയിലെ പ്രൊട്ടസ്റ്റൻസ് രാജകുമാരനും തമ്മിലായിരുന്നു ഇത്. മതപരമായ കാരണങ്ങൾക്കുപുറമേ പ്രാദേശികമായ തർക്കങ്ങളും ഇതിലുണ്ടായിരുന്നു. ആഭ്യന്തരരാഷ്ട്രീയവും അധികാര തർക്കങ്ങളും ഇതിൽ കടന്നുകൂടി. ക്രമേണ മിക്ക യൂറോപ്യൻ ശക്തികളും ഈ യുദ്ധത്തിൽ ചേർന്നു. യുദ്ധം യൂറോപ്പിൽ വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കി. ധാരാളം ആളുകൾ യുദ്ധംമൂലവും അതിലധികം പേർ യുദ്ധാനന്തര ക്ഷാമത്തിലും മരിച്ചു. വെസ്റ്റ്ഫാലിയ (Westphalia) ഉടമ്പടിയിലൂടെ (1648) യുദ്ധം അവസാനിച്ചു. ഈ ഉടമ്പടി വിശുദ്ധറോമൻസാമ്രാജ്യം ആസ്ട്രിയ, സ്പെയിൻ, ഫ്രാൻസ്, സ്വീഡൻ തുടങ്ങിയ രാജ്യങ്ങൾ തമ്മിലുണ്ടാക്കിയ സമാധാന ഉടമ്പടികളുടെ സമാഹാരമായിരുന്നു. രാഷ്ട്രനേതാക്കന്മാർ പരസ്പരം ബന്ധപ്പെട്ട് അതിർത്തികൾ അംഗീകരിക്കാൻ തീരുമാനിച്ചതാണ് ഈ ഉടമ്പടിയുടെ ഒരു നേട്ടം. യൂറോപ്പിൽ മാർപാപ്പയുടെ രാഷ്ട്രീയാധികാരം ഇല്ലാതായി. യൂറോപ്പിൽ ദേശരാഷ്ട്രങ്ങളുടെ ഉദയത്തിന് ഇത് വഴിവെച്ചു.



പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റേയും പ്രതിനവീകരണത്തിന്റേയും പ്രധാനവശങ്ങൾ കണ്ടെത്തുക.

## ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ (Geographical Discoveries)


പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ യൂറോപ്യൻ രാജ്യങ്ങൾ നടത്തിയ ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങളും പുതിയ ഭൂപ്രദേശങ്ങളുടെ കണ്ടെത്തലും സമുദ്രസഞ്ചാരപാതകളുടെ കണ്ടുപിടുത്തവും ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ചു. ഈ കണ്ടുപിടിത്തങ്ങൾക്ക് നിരവധി ഘടകങ്ങൾ കാരണമായിട്ടുണ്ട്. വ്യാപാരാവശ്യത്തിനായി പൗരസ്ത്യ ദേശത്തേക്ക് യാത്രചെയ്ത മാർക്കോ പോളോയുടെ സഞ്ചാരകഥകൾക്ക് യൂറോപ്പിൽ വളരെയേറെ പ്രചാരം കിട്ടി. സഞ്ചാരകഥകൾ ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുടെ സമ്പന്നതയേയും ജനജീവിതത്തേയും കുറിച്ച് അറിയാനുള്ള ജിജ്ഞാസ ഉണ്ടാക്കി.

കിഴക്കുനിന്നുള്ള സുഗന്ധദ്രവ്യങ്ങളും മറ്റു വിലപിടിപ്പുള്ള സാധനങ്ങളും അന്വേഷിക്കുന്നതിനാണ് ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ ആരംഭിച്ചത്. ഇറ്റാലിയൻ നഗരങ്ങൾ നിലനിർത്തിപ്പോന്ന മദ്ധ്യധരണ്യാഴി വ്യാപാരത്തിന്റെ കുത്തക അവസാനിപ്പിക്കാനായി സ്പെയിൻ, പോർച്ചുഗൽ എന്നീ അറ്റ്ലാന്റിക് ശക്തികൾ ശ്രമിച്ചു. ഏഷ്യയിൽ നിന്നുള്ള ചരക്കുകൾ ചെങ്കടൽവഴിയും പേർഷ്യൻ ഉൾക്കടൽവഴിയുമാണ് യൂറോപ്പിലേക്ക് എത്തിയിരുന്നത്. എന്നാൽ ഈ മാർഗ്ഗങ്ങൾ അറബികളുടെ നിയന്ത്രണത്തിലായിരുന്നതുകൊണ്ട് സുരക്ഷിതമായിരുന്നില്ല. യൂറോപ്യന്മാർക്ക് ചെലവേറിയ കരമാർഗ്ഗം ഉപയോഗിച്ച് കിഴക്കോട്ട് യാത്രചെയ്യേണ്ടി വന്നു. തുർക്കികൾ 1453-ൽ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതോടെ ആ കരമാർഗ്ഗവും വിച്ഛേദിക്കപ്പെട്ടു. അതോടെ യൂറോപ്യന്മാർക്ക് ഇന്ത്യയിലേക്കും മറ്റ് ഏഷ്യൻ രാജ്യങ്ങളിലേക്കും യാത്ര ചെയ്യുവാൻ സമുദ്രത്തിലൂടെ മാത്രമുള്ള പുതിയ ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടത് അത്യന്താപേക്ഷിതമായി.

പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ വലിപ്പം കൂടിയ കപ്പലുകൾ നിർമ്മിക്കപ്പെട്ടു. വടക്കുനോക്കിയന്ത്രത്തിന്റെ മെച്ചപ്പെട്ട രൂപം, ആസ്ട്രോലാബ് എന്ന പുതിയ ഉപകരണത്തിന്റെ ഉപയോഗം എന്നിവ



മാർക്കോ പോളോ




ക്രിസ്റ്റഫർ കൊളംബസിന്റെ ആദ്യ സഞ്ചാരപഥം (ഇൻസെറ്റിൽ ക്രിസ്റ്റഫർ കൊളംബസ്)

യൂറോപ്പിൽ വ്യാപകമായി. നീണ്ട കപ്പൽ യാത്രകൾ നടത്തുന്നതിന് പാശ്ചാത്യനാവികരെ ഇത് പ്രാപ്തരാക്കി. പോർച്ചുഗീസുകാരും സ്പെയിൻകാരുമായിരുന്നു ഈ രംഗത്ത് മുൻ നടന്നവർ. നാവികനായ ഹെൻറി രാജകുമാരൻ യുവജനങ്ങളെ നാവികവിദ്യ പരിശീലിപ്പിക്കുവാനും സമുദ്രപര്യവേഷണം നടത്തുവാനുമായി പോർച്ചുഗലിൽ ഒരു പഠനകേന്ദ്രം ആരംഭിച്ചു. 1488-ൽ ഈ പഠനകേന്ദ്രത്തിൽപ്പെട്ടവർ ബർത്തലോമിയോ ഡയസ് എന്ന പോർച്ചുഗീസ് നാവികന്റെ നേതൃത്വത്തിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ തെക്കെ അറ്റത്തുള്ള മുനമ്പിലെത്തി. അറബിക്കടൽ മുറിച്ചുകടന്ന് ഇന്ത്യയിലെത്താമെന്ന് പോർച്ചുഗീസുകാർ പ്രത്യാശിച്ചു. ഇതേത്തുടർന്ന് മറ്റ് രാജ്യങ്ങളും സമുദ്രപര്യവേഷണങ്ങളിൽ ഏർപ്പെട്ടു. ഭൂമി ഉരുണ്ടതാക കൊണ്ട് പടിഞ്ഞാട്ടു പോയാൽ കിഴക്കൻ രാജ്യങ്ങളിലെത്താം എന്ന യുക്തി ഉപയോഗിച്ചു പുറപ്പെട്ട സ്പാനിഷ് നാവികനായ ക്രിസ്റ്റഫർ കൊളംബസ് 1492-ൽ അമേരിക്കയുടെ കിഴക്കേ തീരത്തെത്തി. പാശ്ചാത്യലോകത്തിന് ഇത് "പുതിയ ലോകം" (New World) ആയിരുന്നു. 1498-ൽ വാസ്കോ ഡ ഗാമയുടെ നേതൃത്വത്തിലുള്ള ഒരു സംഘം ഗുഡ് ഹോപ്പ് മുനമ്പ് ചുറ്റി ഇന്ത്യയിലെത്തി.

### ഗുഡ് ഹോപ്പ് മുനമ്പ്

*ഇന്ത്യയിലേക്ക് ഒരു സമുദ്രമാർഗ്ഗം കണ്ടെത്തുന്നതിനായി പോർച്ചുഗലിലെ രാജാവായ ജോൺ രണ്ടാമൻ ബർത്തലോമിയോ ഡയസ്സിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ അയച്ചു. ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ തെക്കേ മുനമ്പിലെത്തിയ അദ്ദേഹത്തിന് ശക്തമായ കൊടുങ്കാറ്റ് മൂലം മുന്നോട്ട് യാത്ര ചെയ്യാൻ കഴിഞ്ഞില്ല. ആ മുനമ്പിന് കേപ്പ് ഓഫ് സ്റ്റോംസ് (Cape of Storms) എന്ന പേര് നൽകി ഡയസ് പോർച്ചുഗലിലേക്ക് മടങ്ങി. എന്നാൽ ഈ മുനമ്പിന്റെ കണ്ടുപിടുത്തം ഇന്ത്യയിലേക്ക് ഒരു സമുദ്രമാർഗ്ഗം കണ്ടെത്താമെന്ന പ്രതീക്ഷ നൽകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ജോൺ രണ്ടാമൻ അതിന് സുപ്രതീക്ഷാ മുനമ്പ് (Cape of Good Hope) എന്ന പേര് നൽകി.*




വാസ്കോ ഡ ഗാമ

1519-ൽ ഫേഡിനാൻഡ് മഗല്ലന്റെ നേതൃത്വത്തിൽ ഒരു പര്യവേഷണ സംഘം ലോകം ചുറ്റാനുള്ള ആഗ്രഹത്തിൽ പടിഞ്ഞാറോട്ട് പുറപ്പെട്ടു. ഫിലിപ്പിൻസിൽ വച്ച് പ്രാദേശികജനങ്ങളുമായുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം കൊല്ലപ്പെട്ടു. സഹനാവികർ 1522-ൽ സ്പെയിനിൽ മടങ്ങിയെത്തി. ലോകം ചുറ്റി സഞ്ചരിക്കുക എന്ന ദൗത്യം അങ്ങനെ പൂർത്തിയായി. ഇതേത്തുടർന്ന് യൂറോപ്പിലെ ഒട്ടേറെ രാജ്യങ്ങൾ സമുദ്രാന്തരയാത്രകളിൽ ഏർപ്പെട്ടു. വടക്കൻ അമേരിക്കയുടെ തീരപ്രദേശങ്ങളിൽ പര്യവേഷണം ചെയ്യുവാനായി പുറപ്പെട്ട ഇംഗ്ലീഷ്-ഫ്രഞ്ച് സംരംഭങ്ങളിൽ ആദ്യത്തേത് 1497-ൽ ജോൺ കാബട്ട് നേതൃത്വം നൽകിയതാണ്. ഇങ്ങനെ ന്യൂഫൌണ്ട്‌ലാൻഡ്, ലാബ്രഡോർ, ഹഡ്സൺ ബേ മുതലായ സ്ഥലങ്ങൾ ഇംഗ്ലീഷുകാർക്കും ഫ്രഞ്ചുകാർക്കും എത്തിച്ചേരാവുന്ന സ്ഥലങ്ങളായി.

## ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളുടെ ഫലങ്ങൾ

ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾക്കും പര്യവേഷണങ്ങൾക്കും ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടായി. ഏഷ്യൻ രാജ്യങ്ങളുമായുള്ള സമൃദ്ധമായ വ്യാപാരം യൂറോപ്പുകാരുടെ ധനസ്ഥിതി മെച്ചപ്പെടുത്തി. ഇത് കൊളോണിയൽ സാമ്രാജ്യങ്ങളുടെ ഉദയത്തിന് വഴിതെളിയിച്ചു. പപ്പായ, നേന്ത്രക്കായ, കടച്ചക്ക, ചായ, പുകയില മുതലായ കാർഷിക വിഭവങ്ങൾ പല നാടുകളിലും പ്രചരിച്ചു. അതോടൊപ്പം വൻതോതിൽ വെട്ടിപ്പിടുത്തവും കുടിയേറ്റവും നടന്നു. അടിമക്കച്ചവടവും അപ്രധാനമല്ലാത്ത തരത്തിൽ മനുഷ്യ വിനിമയത്തിന് വഴിവച്ചു. ഇവയെല്ലാം തന്നെ പരിസ്ഥിതി, സംസ്കാരം, കൃഷി ഇത്യാദി മേഖലകളിൽ സമൂലമായ പരിവർത്തനങ്ങൾക്ക് കാരണമായി.

### പട്ടിക പൂർത്തിയാക്കുക

| നാവികൻ | രാജ്യം | കണ്ടെത്തിയ രാജ്യം |
|---|---|---|
| ജോൺ കാബട്ട് | ഇംഗ്ലണ്ട് | ന്യൂഫൗണ്ട്ലാന്റ് |
| ബാൽബോവ | സ്പെയിൻ | പനാമ |
| കബ്രാൾ | പോർത്തുഗൽ | ബ്രസീൽ |
| .......... | .......... | .......... |
| .......... | .......... | .......... |



തെക്കെ അമേരിക്കയിലെ ഇൻകാ, മയാ, ടോൾറ്റെക്, അസ്റ്റെക് എന്നീ സംസ്കാരങ്ങൾ കോളനീകരണത്തെത്തുടർന്ന് നാമാവശേഷമായി. യൂറോപ്യൻമാർ കൊണ്ടുവന്ന പകർച്ചവ്യാധികളായ വസൂരി, പൊങ്ങൻപനി മുതലായ രോഗങ്ങൾ സ്വദേശി ജനസംഖ്യയുടെ നല്ലൊരു പങ്കിനെ തുടച്ചുമാറ്റി. പറങ്കിപ്പുണ്ണ് മുതലായ രോഗങ്ങളും ഇങ്ങനെ പടർന്നു.

ഏഷ്യയിൽ യൂറോപ്യന്മാരുടെ പ്രഥമലക്ഷ്യം വ്യാപാരകുത്തകയായിരുന്നു. ഇതിനായി അവർ രാഷ്ട്രിയാധികാരം കയ്യടക്കുവാനും സൈനിക

ശക്തി ഉപയോഗിച്ച് സ്ഥലങ്ങൾ പിടിച്ചെടുക്കുവാനും തുടങ്ങി. ഇതോടെ ഏഷ്യയിലും ആഫ്രിക്കയിലും വൻതോതിൽ കോളനീകരണത്തിനുതുടക്കമായി. കോളനികളിലെ സമ്പന്നമായ പ്രകൃതിവിഭവങ്ങൾ ക്രമേണ യൂറോപ്യൻ സാമ്രാജ്യങ്ങൾക്കധീനമായി. കോളനികളെ കൊള്ളയടിച്ച് യൂറോപ്യർ സമ്പന്നരായി.

പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളായ സ്പെയിൻ, പോർച്ചുഗൽ, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ലോകവ്യാപാരത്തിന്റെ കുത്തക കൈയടക്കി. ഇതോടെ മധ്യധരണ്യാഴി കേന്ദ്രമായി ഉണ്ടായിരുന്ന വ്യാപാരം ക്ഷയിച്ചു.

കോളനീകരണത്തിന്റെ ഫലമായി സാംസ്കാരികമായി കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വിടവ് വർദ്ധിച്ചു. കോളനികളിലെ സംസ്കാരത്തെ തകർക്കാനുള്ള ശ്രമങ്ങളും ഉണ്ടായി.

കോളനികളുമായുള്ള വ്യാപാരബന്ധം യൂറോപ്യൻ രാജ്യങ്ങളിൽ സമ്പന്നരായ മധ്യവർഗ്ഗത്തിന്റെ ഉദയത്തിന് കാരണമായി. കോളനിവൽക്കരണത്തിന്റെ ഫലമായി പഴയ കൈവായ്പാ സമ്പ്രദായം ബാങ്കിംഗ് സമ്പ്രദായത്തിന് വഴിമാറി. കച്ചവടക്കാരുടെ നേതൃത്വത്തിൽ കൂട്ടുടമക്കമ്പനികൾ (Joint Stock Companies) നിലവിൽ വന്നു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി അതിനൊരുദാഹരണമാണ്.



'ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളും സമുദ്രസഞ്ചാരത്തിൽ കൈവരിച്ച പുരോഗതിയും യൂറോപ്പിന്റെ രാഷ്ട്രീയഘടനയിലും സാമ്പത്തിക മേഖലയിലും മാറ്റങ്ങൾക്ക് കാരണമായി'-ഈ നിരീക്ഷണം ചർച്ച ചെയ്യുക.

## ശാസ്ത്രപുരോഗതി


ഒരു പുതുയുഗത്തിന്റെ ആരംഭം കുറിച്ചുകൊണ്ട് ശാസ്ത്രചിന്തയിൽ വമ്പിച്ച പുരോഗതി ഉണ്ടായി. തത്ത്വചിന്തകർ ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും പ്രപഞ്ചപ്രതിഭാസങ്ങളെ വിശദീകരിക്കുവാനും നവീനമാർഗ്ഗങ്ങൾ പരീക്ഷിച്ചു. ലിയനാർഡോ ഡാവിഞ്ചി എന്ന ബഹുമുഖ പ്രതിഭ ശരീരശാസ്ത്രത്തേയും പ്രകൃതിയേയും സൂക്ഷ്മമായി നിരീക്ഷിച്ച് ചിത്രങ്ങൾ വരച്ചു.

പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്ന് വിശ്വസിച്ചിരുന്ന കാലത്ത് സൂര്യനാണ് കേന്ദ്രം എന്ന് സൗരയൂഥസിദ്ധാന്തത്തിലൂടെ സമർത്ഥിച്ചതു കോപ്പർനിക്കസ്സാണ് (1473-1543). എന്നാൽ അദ്ദേഹത്തിന്റെ ആശയങ്ങൾ അക്കാലത്ത് സ്വീകരിക്കപ്പെട്ടില്ല. പിന്നീട് ഗലീലിയോ ഗലീലി (1564-1642) ദൂരദർശിനിയുടെ സഹായത്തോടെ കോപ്പർ നിക്കസ്സിന്റെ സിദ്ധാന്തം സ്ഥിരീകരിച്ചു. ഇങ്ങനെ ഭൗമകേന്ദ്രിതമായ സങ്കല്പത്തെ നിരാകരിച്ചതുവഴി മനുഷ്യന്റെ ലോകവീക്ഷണം പാടെ മാറി.

കോപ്പർ നിക്കസ്



ഗലീലിയോയുടെ ടെലിസ്കോപ്പ് (ഇൻസെറ്റിൽ ഗലീലിയോ)





സർ ഐസക് ന്യൂട്ടൺ



കാൾ ലിനയസ്

''പ്രിൻസിപ്പിയ മാത്തമാറ്റിക്ക'' എന്ന വിശ്രുതഗ്രന്ഥത്തിൽ ഐസക് ന്യൂട്ടൻ (1643-1727) ആകർഷണസിദ്ധാന്തവും ചലനനിയമങ്ങളും ആവിഷ്ക്കരിച്ചു.

വൈദ്യശാസ്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം, ഊർജ്ജതന്ത്രം, ജീവികളുടെ ശാസ്ത്രീയവർഗ്ഗീകരണം, കാന്തശക്തിയേയും വൈദ്യുതിയേയും പറ്റിയുള്ള പുതിയ അറിവ് എന്നിവ ഈ കാലഘട്ടത്തിൽ വലിയ മുന്നേറ്റം കൈവരിച്ചു.

കണ്ടുപിടുത്തങ്ങൾക്കും ശാസ്ത്രാന്വേഷണങ്ങൾക്കും ഒരു പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് ഗലീലിയോ ശാസ്ത്രവിപ്ലവത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. ഈ പദ്ധതികൾ പിൻതുടർന്ന ആദ്യകാല ശാസ്ത്രജ്ഞന്മാരായിരുന്നു ഫ്രാൻസിസ് ബേക്കണും ദെക്കാർത്തും (Descartes). ജ്യോതിശാസ്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, ശരീരശാസ്ത്രം എന്നിവയിൽ വമ്പിച്ച നേട്ടങ്ങൾക്ക് വഴിയൊരുക്കി. കാൾ ലിനയസ് (Carl Linneaus) എന്ന സ്വീഡിഷ് ശാസ്ത്രജ്ഞൻ സസ്യശാസ്ത്രം, ജന്തുശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി. ജീവികളുടെ ശാസ്ത്രീയ വർഗ്ഗീകരണത്തിന്റേയും ആധുനിക പരിസ്ഥിതിശാസ്ത്രത്തിന്റേയും പിതാവായി ഇദ്ദേഹം അറിയപ്പെടുന്നു. സസ്യങ്ങളുടേയും മൃഗങ്ങളുടേയും വർഗ്ഗീകരണത്തിനായി രണ്ടു ഭാഗങ്ങളുള്ള നാമകരണപദ്ധതി (Binomial nomenclature) ഇദ്ദേഹം ആവിഷ്കരിച്ചു.

നവോത്ഥാനത്തിനുശേഷം ശാസ്ത്രത്തിലുണ്ടായ പുരോഗതി ചരിത്രത്തിൽ ഒരു പുതുയുഗം സൃഷ്ടിച്ചു.



നവോത്ഥാനകാലത്തെ ചിന്തകളും ആശയങ്ങളും മനുഷ്യജീവിതത്തെ മാറ്റി മറിക്കുന്നതിന് പ്രേരകമായ നിരവധി പുതിയ കണ്ടുപിടുത്തങ്ങൾക്ക് വഴിവെച്ചു. ഓരോ കണ്ടുപിടുത്തവും ഉണ്ടാക്കിയ മാറ്റങ്ങൾ കണ്ടെത്താമോ?

## ജ്ഞാനോദയം (Enlightenment)

നവോത്ഥാനകാലത്തിന്റെ മുഖ്യപ്രവണതകളായ യുക്തിബോധവും മാനവികതയും ജ്ഞാനോദയകാലത്തും ആവർത്തിക്കപ്പെട്ടു. യുക്തിയുടെ മാത്രം അടിസ്ഥാനത്തിൽ ഭൗതികലോകത്തേയും അതിൽ മനുഷ്യന്റെ സ്ഥാനത്തേയും വീക്ഷിക്കാൻ ശ്രമിക്കുന്ന ധൈഷണികമുന്നേറ്റമായിരുന്നു ജ്ഞാനോദയം. മതവിശ്വാസവും അന്വേഷണബോധവും തമ്മിലുള്ള സംഘട്ടനം ഇതിന്റെ സവിശേഷത ആയിരുന്നു. വസ്തുതകളിലും തെളിവുകളിലും ഊന്നിയ യുക്തിയിലൂടെ കാര്യങ്ങൾ അറിയുവാനും അപഗ്രഥിക്കുവാനും ജ്ഞാനോദയയുഗത്തിലെ ചിന്തകന്മാർ ശ്രമിച്ചു. ഇക്കാലത്ത് മുന്നിട്ടുനിന്ന പ്രധാനപ്പെട്ട ആശയങ്ങളെ താഴെപ്പറയുന്ന രീതിയിൽ ചുരുക്കാവുന്നതാണ്:

- സമകാലികാവസ്ഥ പുരോഗതിയുടേതാണ്.
- യുക്തിയാണ് ജ്ഞാനത്തിലേക്കു നയിക്കുന്ന തെറ്റുപറ്റാത്ത വഴികാട്ടി.
- മനുഷ്യനു മാറ്റുവാൻ കഴിയാത്ത കർശനനിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു യന്ത്രമാണ് പ്രപഞ്ചം.
- ഏറ്റവും ലളിതവും സ്വാഭാവികവുമായ സമൂഹമാണ് ഉത്തമം.
- ജന്മപാപം എന്നൊന്നില്ല.


ഇംഗ്ലണ്ടിൽ നിന്നാണ് തുടങ്ങിയതെങ്കിലും ജ്ഞാനോദയത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ആവിഷ്ക്കാരങ്ങൾ നടന്നത് ഫ്രാൻസിൽ ആയിരുന്നു. ദെക്കാർത്ത്, സ്പിനോസാ എന്നിവരുടെ ഹേതുവാദമാണ് ജ്ഞാനോദയത്തിനു പ്രേരകമായതെങ്കിലും ഈ മുന്നേറ്റത്തിന്റെ യഥാർത്ഥ സ്രഷ്ടാക്കൾ സർ ഐസക് ന്യൂട്ടനും (1642-1727), ജോൺ ലോക്കും (1632-1704) ആയിരുന്നു. പ്രപഞ്ചത്തെക്കുറിച്ച് ഒരു യന്ത്രനിഷ്ഠമായ വിശദീകരണം നൽകാൻ കഴിഞ്ഞു എന്നതാണ് ന്യൂട്ടന്റെ നേട്ടം. വിജ്ഞാനസിദ്ധാന്തത്തിന്റെ പിതാവായി അറിയപ്പെടുന്ന ലോക്ക് അറിവിന്റെ ഉറവിടം ഇന്ദ്രിയജ്ഞാനമാണെന്നും വാദിച്ചു.

| ജ്ഞാനോദയകാല ചിന്തകർ | |
|---|---|
| ദെനി ദിദറോ (Denis Diderot) | 1713 - 1784 |
| മൊന്തസ്ക്യൂ (Montesquieu) | 1689-1755 |
| വോൾത്തെയർ (Voltaire) | 1694 - 1778 |
| റൂസ്സോ (Rousseau) | 1712-1778 |
| ഇമ്മാനുവേൽ കാന്ത് (Immanuel Kant) | 1724-1804 |
| തോമസ് പെയ്ൻ (Thomas Paine) | 1737-1809 |
| തോമസ് ജഫേഴ്സൺ (Thomas Jefferson) | 1743-1826 |

ഭാഷ, സാഹിത്യം, നാടകം, നിയമം, തത്ത്വശാസ്ത്രം, ഗണിതശാസ്ത്രം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ തൽപ്പരനായിരുന്നു ദിദറോ. മതം വെച്ചുപുലർത്തിയിരുന്ന വിശ്വാസത്തെ അദ്ദേഹം ശക്തിയുക്തം എതിർത്തു. 18-ാം നൂറ്റാണ്ടിലെ ഒരു കൂട്ടം ഫ്രഞ്ച് എഴുത്തുകാരുടെ ലേഖനസമാഹാരമായ 'എൻസൈക്ലോപീഡീ' (Encyclopaedie) എന്ന ഗ്രന്ഥപരമ്പരയുടെ എഡിറ്ററായിരുന്നു ഇദ്ദേഹം.

വോൾത്തയർ





റൂസ്സോ

ഇതിലൂടെ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും ഒരു പരിധിവരെ ശാസ്ത്രത്തിന്റേയും മതേതരചിന്തയുടേയും പ്രചാരത്തിനു കാരണമായി.

രാഷ്ട്രീയസമൂഹങ്ങളുടെ മാറിവരുന്ന ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ ജ്ഞാനോദയയുഗത്തിൽ ഉരുത്തിരിഞ്ഞുവന്നു. നീതിന്യായം, കാര്യനിർവ്വഹണം, നിയമനിർമ്മാണം എന്നീ മൂന്ന് ശാഖകളിലായി അധികാരം വേർതിരിച്ചു നിർത്തിയാൽ കൂടുതൽ രാഷ്ട്രീയ സ്വാതന്ത്ര്യം ഉണ്ടാകുമെന്ന് മൊന്തസ്ക്യൂ വിശ്വസിച്ചു. അതോടൊപ്പംതന്നെ നിയന്ത്രണങ്ങളും സന്തുലിതാവസ്ഥയും എന്ന രാഷ്ട്രീയതത്ത്വശാസ്ത്രവും അദ്ദേഹം വികസിപ്പിച്ചെടുത്തു.


മതസ്വാതന്ത്ര്യത്തിനും സ്വതന്ത്രവാണിജ്യം ഉൾപ്പെടെയുള്ള പൗരസ്വാതന്ത്ര്യങ്ങൾക്കും വേണ്ടി വോൾത്തയർ വാദിച്ചു. അദ്ദേഹം സാമൂഹിക പരിഷ്കാരങ്ങളെ ശക്തമായി പിന്തുണച്ചു. അസഹിഷ്ണുത, മതപരമായ കടുംപിടുത്തങ്ങൾ എന്നിവയുടേയും സമകാലിക വ്യവസ്ഥയുടേയും നിശിത വിമർശകനായിരുന്നു വോൾത്തയർ. അടിസ്ഥാനപരമായി മനുഷ്യൻ നല്ലവനാണെന്ന് റൂസ്സോ വിശ്വസിച്ചു; നൈസർഗികാവസ്ഥയിൽ "നല്ലവനായ കാട്ടാളൻ" (Noble Savage). നല്ല മനുഷ്യരെ അസന്തുഷ്ടരും അഴിമതിക്കാരും ആക്കിത്തീർക്കുന്നത് സമൂഹത്തിലെ അനുഭവങ്ങളാണ്. ഉടമ്പടികളുടെ അടിസ്ഥാനത്തിൽ ആണ് മനുഷ്യനും സമൂഹവുമായി ഉള്ള ബന്ധം ഉണ്ടായിവന്നത് എന്ന് അദ്ദേഹം തന്റെ 'സോഷ്യൽ കോൺട്രാക്ട്' (Social Contract) എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു.

സാക്ഷരരായ ജനങ്ങളിൽ ജ്ഞാനോദയത്തിന്റെ വക്താക്കളായ ഫിലസോഫുകൾ (Philosophes) ശാസ്ത്രം പ്രചരിപ്പിച്ചു. ശാസ്ത്ര സംഘടനകളുടെ ഉദയത്തിന് ശാസ്ത്രീയ വിപ്ളവം കാരണമായി. മുൻപ് പറഞ്ഞ എൻസൈക്ലോപ്പീഡീക്കുപുറമേ മറ്റു

ചില വൈജ്ഞാനികപത്രികകളും പുതിയ പഠന ങ്ങൾക്ക് പ്രചാരമേകി.

ജ്ഞാനോദയമാണ് അന്വേഷണത്തിനും കണ്ടു പിടുത്തത്തിനും വേണ്ടിയുള്ള ശാസ്ത്രീയരീതി സാർവ്വത്രികമാക്കിയത്. 'സത്യത്തെക്കുറിച്ചും' 'പ്രപഞ്ചപ്രതിഭാസങ്ങളെക്കുറിച്ചും' ആളുകൾ ജിജ്ഞാസ കാണിക്കുവാൻ ആരംഭിച്ചു. ഭരണം, രാഷ്ട്രീയം, അവകാശങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ച് തത്ത്വചിന്തകന്മാർ എഴുതുവാൻ തുടങ്ങി. ഇതെല്ലാം തന്നെ പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ യൂറോപ്പിലും മറ്റിടങ്ങളിലും ഉണ്ടായ രാഷ്ട്രീയവിപ്ലവങ്ങളെ ഗണ്യമായി സ്വാധീനിച്ചു. യുക്തിയിലൂന്നിയ കണ്ടെത്തലുകൾക്കായുള്ള ത്വര കാലഘട്ടത്തിന്റെ മുഖമുദ്രയായി.

## പ്രവർത്തനങ്ങൾ



- നാടുവാഴിത്തത്തിന്റെ തകർച്ചയും വാണിജ്യപുരോഗതിയും യൂറോപ്യൻ നവോത്ഥാനത്തിന് വഴിയൊരുക്കി. ഇറ്റലിയുടെ സാമൂഹ്യസാഹചര്യങ്ങൾ പരിശോധിച്ച് ഈ പ്രസ്താവന വിലയിരുത്തുക.
- അച്ചടിയന്ത്രത്തിന്റെ വരവോടെ യൂറോപ്പിൽ മതത്തിന്റെയും വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും രംഗങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായത്?
- നവോത്ഥാനാശയങ്ങൾ യൂറോപ്പിലെ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ശക്തമായ സ്വാധീനം ചെലുത്തി. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നവോത്ഥാന ആശയങ്ങളേയും അവയുടെ സ്വാധീനത്തേയും കുറിച്ച് ചർച്ച ചെയ്യുക.
- നവോത്ഥാന കാലത്തെ ചിത്രങ്ങളുടെ ആൽബം തയ്യാറാക്കുക.
- ജർമ്മനിയിൽ ആരംഭിച്ച മതനവീകരണം യൂറോപ്പിനെയാകെ സ്വാധീനിച്ചതെങ്ങനെ? ചർച്ച ചെയ്യുക.
- ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ ലോകത്തിന്റെമേൽ ആധിപത്യം സ്ഥാപിക്കുവാൻ യൂറോപ്പിനെ സഹായിച്ചതെങ്ങനെ? ചർച്ച ചെയ്ത് നിഗമനങ്ങൾ രേഖപ്പെടുത്തുക.
- ജ്ഞാനോദയചിന്തയുടെ അടിസ്ഥാനപരമായ ആശയങ്ങൾ ശാസ്ത്രരംഗത്തെ പുരോഗതിക്ക് എങ്ങനെ സഹായകമായി? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ ഏതെന്നും, അതിന് നേതൃത്വം നൽകിയവർ ആരൊക്കെയെന്നും പട്ടികപ്പെടുത്തുക.